**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1212** **18-01-2021 - ൽ മറുപടിയ്ക്ക്**

**തോപ്പുംപടി-അരൂർ പഴയ ദേശീയ പാതയിലെ ചെയിനേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് 28/3/2020 തീയതിയിലെ 373/2020 നമ്പർ ഉത്തരവ് പ്രകാരം ഇരുപത്തിരണ്ട് കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ തോപ്പുംപടി-അരൂർ പഴയ ദേശീയപാതയിലെ ചെയിനേജ് 357 മുതൽ 359 വരെയുള്ള ഭാഗം റോഡിന്റെ വീതികൂട്ടലിന്റെയും സ്ഥലമെടുപ്പിന്റെയും നിജസ്ഥിതി വിശദമാക്കാമോ; | (എ) | തോപ്പുംപടി-അരൂർ പഴയ ദേശീയപാതയിലെ കി.മീ. 357/000 മുതൽ 359/000 വരെയുള്ള നിരത്തിന്റെ വീതി കൂട്ടലിലും സ്ഥലമെടുപ്പിനുമായി ഭരണാനുമതി ലഭിച്ചതിൻ പ്രകാരം, 24 മീറ്റർ വീതിയിൽ നിരത്ത് ഇടുങ്ങിയ ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള വിശദാംശങ്ങൾ കണ്ടെത്തുന്നതിനുള്ള സർവ്വേ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | മേൽപറഞ്ഞ ചെയിനേജിന് പുറത്തുള്ളതും എന്നാൽ പഴയ ദേശീയപാതയിലെ ഏറ്റവും വീതികുറഞ്ഞതും കണ്ണങ്ങാട്- വെല്ലിംഗ്ടൺ ഐലന്റ് പാലം ഗതാഗതത്തിന് തുറന്നുകൊടുത്തതോടെ തിരക്കേറിയതുമായ പാവുമ്പായി മൂലയിലെ കണ്ണങ്ങാട് ടെമ്പിൾ റോഡ് മുതൽ ഇന്ദിരാഗാന്ധി റോഡ് വരെയുള്ള ഭാഗം കൂടി മേൽ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്ഥലമെടുപ്പ് നടപടിയിൽ ഉൾപ്പെടുത്തി വീതി കൂട്ടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ടി ഭാഗം ഉൾപ്പെടുത്തി വീതി കൂട്ടുന്ന പ്രൊപ്പോസൽ ഫണ്ട് ലഭ്യതയനുസരിച്ച് പരിഗണിക്കാവുന്നതാണ് |
| (സി) | എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ? | (സി) | ടി ഭാഗം ഉൾപ്പെടുത്തി വീതി കൂട്ടുന്ന പ്രൊപ്പോസൽ ഫണ്ട് ലഭ്യതയനുസരിച്ച് പരിഗണിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ